www.gospelinmalayalam.com

# CHAPTER - 4

## Enablement For Living the Christian Life

വി. പൗലൂസ് ഫിലിപ്പ്യ സഭയിലുള്ളവരെ എത്ര മാത്രം സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവാണ് ഈ 4-ാം അദ്ധ്യായത്തിന്റെ തുടക്കത്തിലുള്ള സംബോധന.

ഫിലിപ്പ്യ വിശ്വാസികൾ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നവർ ആയിരിക്കണമെന്ന് വി. പൗലൂസ് ആഗ്രഹിച്ചു. Love, Joy & Peace. സ്നേഹം, സന്തോഷം, സമാധാനം ഇത് പൗലൂസിന്റെ ഹൃദയവാഞ്ച ആയിരുന്നു.

ഇതു സാധിക്കണമെങ്കിൽ ക്രിസ്തു അവരുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനം അലങ്കരിക്കണം.

**STANDING FAST IN HIM** **4: 1- 3**

**Phili 4: 1- 3** *"അതുകൊണ്ടു പ്രിയരും വാഞ്ചിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനില്പിൻ, പ്രിയമുള്ളവരേ. കർത്താവിൽ ഏകചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോദിപ്പിക്കുന്നു. സാക്ഷാൽ ഇണയാളിയായുള്ളോവേ, അവർക്കു തുണനില്ക്കേണം എന്നു ഞാൻ നിന്നോടും അപേക്ഷിക്കുന്നു; ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരിക്കുന്നു".*

Unity and steadfastness. ഒത്തൊരുമയും സ്ഥിരതയും ഉള്ളവരായി നിലനിൽക്കുക.

**Phili 4: 1** *"അതുകൊണ്ടു പ്രിയരും വാഞ്ചിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ, ഇങ്ങനെ കർത്താവിൽ നിലനില്പിൻ, പ്രിയമുള്ളവരേ".*

അതുകൊണ്ട് Therefore ഈ വാക്ക് 3-ാം അദ്ധ്യായത്തിലെ പ്രബോധനത്തിന്റെ continution തന്നെ.

വി. പൗലൂസ് ഫിലിപ്പ്യരെ എത്രയധികം സ്നേഹിച്ചിരുന്നു. സംബോധന നോക്കിയാൽ കാണാം - എന്റെ പ്രിയരും വാഞ്ചിതരുമായ സഹോദരന്മാരെ.

**Phili 1: 12** *"സഹോദരന്മാരേ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു".*

**Phili 3: 1** *"ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ. അതേ കാര്യം നിങ്ങൾക്കു പിന്നെയും എഴുതുന്നതിൽ എനിക്കു മടുപ്പില്ല അതു നിങ്ങൾക്കു ഉറപ്പുമാകുന്നു".*

**Phili 3:13** *സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല.*

**Phili 3:17** *സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊൾവിൻ .*

**Phili 4: 8** *"ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്ക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചു കൊൾവിൻ".*

Joy & crown - എന്റെ സന്തോഷവും കിരീടവും - Victors Crown

**Phili 2: 12** *"അതുകൊണ്ടു, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പ്പോഴും അനുസരിച്ചതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ".*

Dear friends

Paul - ഫിലിപ്പ്യരുടെ spiritual father - ആത്മിക പിതാവ് ആയിരുന്നു.

Greek Athelet- ഓട്ടക്കാരൻ അവന്റെ കിരീടം എത്ര അഭിമാനത്തിന്റെ ചിഹ്നം ആയിരുന്നു.

fleettech@gmail.com

അതുപോലെ തന്നെ വി. പൗലൂസ് ഫിലിപ്പ്യസഭ ഒരു കിരീടവും സന്തോഷവും ആയിരുന്നു.

പൗലൂസ് അവരെ പ്രബോധിപ്പിക്കുന്നത്-stand firm -കർത്താവിൽ നിലനിൽപ്പിൻ എന്നു പറഞ്ഞും കൊണ്ടത്രെ.

**Phili 1: 27**

*"ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്നു എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിനു ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമാം വണ്ണം മാത്രം നടപ്പിൻ".*

stand firm- ഇന്ന് വിശ്വാസികളിൽ കാണാൻ ബുദ്ധിമുട്ടുള്ള കാര്യമത്രെ ഇത്. -സ്ഥിരതയില്ല. ഉറച്ചു നില്പാൻ കഴിയുന്നില്ല. Take a firm stand with the Lord. ഓളവും തിരമാലയും ധാരാളം ജീവിതത്തെ അലട്ടിയേക്കും. എന്നാൽ വിശ്വാസികൾ സ്ഥിരതയുള്ളവരായിരിക്കണം.

**Phili 4: 2**

*"കർത്താവിൽ ഏകചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു".*

Euodia - Meaning = prosperous journey.

Syntyche - Meaning = pleasant acquaintance.

വി. പൗലൂസ് അവരോട് പരസ്പരം യോജിച്ചിരിപ്പാൻ പ്രബോധിപ്പിക്കുന്നു.

**Phili 2: 1- 4**

*"ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം".*

ഇവർ ഫിലിപ്പ്യ സഭയ്ക്കുള്ളിൽ പ്രശ്നം ഉണ്ടാക്കിയവർ ആയിരിക്കും.

**Phili 4: 3**

*"സാക്ഷാൽ ഇണയാളിയായുള്ളോവേ, അവർക്കു തുണനില്ക്കേണം എന്നു ഞാൻ നിന്നോടും അപേക്ഷിക്കുന്നു; ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരിക്കുന്നു".*

യുവോദ്യയും സുന്തുകയും ഒരു സമയത്ത് സുവിശേഷ ഘോഷണത്തിൽ വി.പൗലൂസിനോട് ചേർന്നു നിന്നവർ ആയിരുന്നു.

ഇണയാളിയുടെ വ്യക്തി -ആരെന്നു വ്യക്തമല്ല. "Loyal yoke fellow". ആ വ്യക്തിയോട് വി. പൗലൂസ് ആവശ്യപ്പെടുകയാണ്. To deal with both women and bring them together back to fellowship.

Clement and fellow workers. ഇവർ വി. പൗലൂസിനോടൊത്ത് അദ്ധ്വാനിച്ചിരുന്ന ടീം ആയിരുന്നു.

ചുരുക്കത്തിൽ ഫിലിപ്പ്യ സഭയിൽ unity ഉണ്ടാകണം. ഇതത്രെ പൗലൂസിന്റെ വാഞ്ഛ.

**Rejoice in Him**

**Phili 4: 4**

*കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു.*

ജീവിത പ്രശ്നങ്ങൾ, പരീക്ഷണങ്ങൾ, ബുദ്ധിമുട്ടുകൾ പലപ്പോഴും "Rejoice" ചെയ്യാൻ തടസ്സമായിരിക്കുന്നു. സന്തോഷിപ്പാൻ വക കാണുന്നില്ല. ദുഃഖം, നഷ്ടം, Insult ഇതൊക്കെയാണ് ലോകജീവിതത്തിൽ നമ്മുടെ ഓഹരി. There is no apt condition, to be happy.

www.gospelinmalayalam.com

fleettech@gmail.com

www.gospelinmalayalam.com

വി. പൗലൂസ് ഇതു നല്ലവണ്ണം അറിയുന്ന വ്യക്തിയായിരുന്നു.

പക്ഷെ നമ്മെ പ്രബോധിപ്പിക്കുന്നത്- Not asking us to be happy

But "Rejoice in the Lord" എന്നാണ്.

കർത്താവിൽ എപ്പോഴും സന്തോഷിക്കുക. Rejoice always in the Lord.

**verse 4-ൽ 2 times**

**Phili 3: 1** *"ഒടുവിൽ എന്റെ സഹോദരന്മാരേ, കർത്താവിൽ സന്തോഷിപ്പിൻ. അതേ കാര്യം നിങ്ങൾക്കു പിന്നെയും എഴുതുന്നതിൽ എനിക്കു മടുപ്പില്ല അതു നിങ്ങൾക്കു ഉറപ്പുമാകുന്നു".*

**1 Thess 5: 16** *"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ".*

സന്തോഷിക്കാനുള്ള വക ഒന്നു മാത്രം -Christ in us. സന്തോഷിക്കാതിരിക്കാൻ ധാരാളം കാരണങ്ങൾ ജീവിതം മൊത്തം ഉണ്ട്.

എന്നാൽ സന്തോഷിക്കാനുള്ള വക ഒന്നു മാത്രം. അത് എന്നും നമുക്കുണ്ട്. Jesus lives in us. Rejoice always in the Lord and Delight in Him.

വി. പൗലൂസ് ഈ പ്രബോധനത്തിന്റെ ഒരു example തന്നെയായിരുന്നു. He had inner joy when external circumstances were troublesome.

പീഢനം, തടവ്, മരണഭീതി എല്ലാം ഉള്ളപ്പോഴും കർത്താവിൽ സന്തോഷിക്കാൻ പൗലൂസിനു കഴിഞ്ഞു.

**2 Cori 11: 23- 31** *"ക്രിസ്തുവിന്റെ ശുശ്രൂഷക്കാരോ? ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നുഞാൻ അധികം; ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടി കൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി; യെഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു; മൂന്നുവട്ടം കോലിനാൽ അടികൊണ്ടു; ഒരിക്കൽ കല്ലേറുകൊണ്ടു, മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു; നദികളിലെ ആപത്തു, കള്ളന്മാരാലുള്ള ആപത്തു, സ്വജനത്താലുള്ള ആപത്തു, ജതികളാലുള്ള ആപത്തു, പട്ടണത്തിലെ ആപത്തു, കാട്ടിലെ ആപത്തു, കടലിലെ ആപത്തു, കള്ളസ്സഹോദരന്മാരാലുള്ള ആപത്തു; അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പു, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണസംഗതികൾ ഭവിച്ചതു കൂടാതെ എനിക്കു ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ടു. ആർ ബലഹീനനായിട്ടു ഞാൻ ബലഹീനനാകാതെ ഇരിക്കുന്നു? ആർ ഇടറിപ്പോയിട്ടു ഞാൻ അഴലാതിരിക്കുന്നു? പ്രശംസിക്കേണമെങ്കിൽ എന്റെ ബലഹീനതസംബന്ധിച്ചു ഞാൻ പ്രശംസിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ ഞാൻ ഭോഷ്കല്ല പറയുന്നതു എന്നറിയുന്നു.".*

## Living in the light of his presence

**Phili 4: 5- 7** *"നിങ്ങളുടെ സൌമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും".*

**Phili 4: 5** *"നിങ്ങളുടെ സൌമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു".*

സന്തോഷത്തോടൊപ്പം വിശ്വാസികളിൽ ഉണ്ടാകേണ്ട വലിയ quality ആയിരിക്കണം 'സൗമ്യത' Gentleness

എന്താണ് Gentleness = Fore bearing, non retaliatory spirit

fleettech@gmail.com

"Rejoice" കർത്താവിൽ സന്തോഷിക്കുക- ഇതു നമ്മെ കാണുന്നവർ മനസ്സിലാക്കാൻ പ്രയാസം. ഇതു ഹൃദയത്തിന്റെ ഉള്ളിലുള്ള അനുഭവം.

എന്നാൽ സാഹചര്യങ്ങളോടു നാം read ചെയ്യുന്ന രീതി -മറ്റുള്ളവർക്കു കാണാൻ കഴിയും.

Whether gentle or harsh- This will be noticed.

ഒരു വിശ്വാസി Gentle - സൗമ്യത ഉള്ളവർ ആകണം.

എന്തുകൊണ്ട് സൗമ്യത പാലിക്കണം - ഒരു കാരണം കൂടി വി. പൗലൂസ് തരുകയാണ്.

Rapture is near. കർത്താവ് വരുവാൻ അടുത്തിരിക്കുന്നു.

നിങ്ങളുടെ സൗമ്യത സകല മനുഷ്യരും കാണട്ടെ.

**Phili 4: 6- 7** *"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും".*

(Joy, gentleness, awareness of Christ's imminent return) ഇവ നമ്മുടെ anxiety യെ അകറ്റണം. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. Do not take care എന്നല്ല- Do not worry എന്നത്രേ.

We must take care of everything-But we shall not worry.

We must take care and be genuinely concerned. Paul & Timothy cared for the people they ministered.

**2 Cori 11: 28** *"അസാധാരണസംഗതികൾ ഭവിച്ചതു കൂടാതെ എനിക്കു ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്".*

**Phili 2: 20** *"നിങ്ങളെ സംബന്ധിച്ചു പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി എനിക്കു മറ്റാരുമില്ല".*

**Math 6: 25-33** *"അതുകൊണ്ടു ഞാൻ നിങ്ങളോടു* പറയുന്നതു; എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും *എന്തു ഉടുക്കും എന്നു ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്;..........".*

കർത്താവും ഇതു തന്നെയാണ് പ്രസംഗിച്ചത്.

ദൈവത്തിൽ വിശ്വാസം അർപ്പിക്കുക. Worry ചെയ്യാതിരിക്കുക.

വിചാരപ്പെടുന്ന സ്ഥാനത്ത് -പ്രാർത്ഥിക്കുക. Pray to God instead of worrying.

Pray with Thanks giving. Thanks giving involves trusting God. പ്രാർത്ഥിക്കുന്ന വിഷയങ്ങൾക്കു ദൈവം ഉത്തരം തരാൻ പോകുന്നതു കൊണ്ട് നന്ദി കരേറ്റുക.

ഒരു വിശ്വാസിക്കു ദൈവവുമായുള്ള ബന്ധത്തെ കാണിക്കുന്ന '4' വാക്കുകൾ ഇവിടെ കാണും.

**(1)** Prayer പ്രാർത്ഥന - ഇത് നമ്മുടെ ദൈവത്തോടുള്ള Approach നെ കാണിക്കുന്നു.

**(2)** Petition അപേക്ഷ - requesting an answer to a specific need.

**(3)** Thanks giving - ഇതു നമ്മുടെ ഹൃദയത്തിന്റെ സ്ഥിതിയെ കാണിക്കുന്നു. പ്രാർത്ഥന എല്ലായ്പ്പോഴും നന്ദി കരേറ്റികൊണ്ടായിരിക്കണം. ലഭിച്ചതിനും ലഭിക്കാൻ പോകുന്നതിനും എല്ലാറ്റിനുമായി നന്ദി.

**(4)** Request ആവശ്യങ്ങൾ : Specify things asked for. ഓരോന്നും ചോദിച്ച് യാചിച്ച് പ്രാപിക്കുക.

4- മുതൽ 6 വരെയുള്ള വാക്യങ്ങളിൽ വിവരിച്ച കാര്യങ്ങൾ നമ്മുടെ അനുഭവമാകുമ്പോൾ നമുക്ക് ലഭിക്കുന്നത്, "Peace of God" "ദൈവസമാധാനം" നമുക്കു

www.gospelinmalayalam.com

fleettech@gmail.com

ഹൃദയത്തിൽ ലഭിക്കുന്നു.

കലങ്ങിയ ഹൃദയങ്ങളിൽ, പ്രശ്നം നിറഞ്ഞ സാഹചര്യങ്ങളിൽ, സമാധാനം തരുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ.

**Eph 2: 14** *"അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ടു.....".*

നമ്മുടെ സമാധാനം കർത്താവ് തന്നെ. - Believers peace is Christ. Peace with God.

**Rom 5: 1** *"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവയ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്".*

Peace of God - ദൈവവുമായി നാം കൂട്ടായ്മ അനുഭവിക്കുമ്പോൾ ഹൃദയാന്തർ ഭാഗത്തു നമുക്കു ലഭിക്കുന്ന ദിവ്യ സമാധാനം. He gives us His peace.

സകല ബുദ്ധിയെയും കവിയുന്ന- transcends all understanding. മനുഷ്യബുദ്ധിയ്ക്ക് അതിനെ മനസിലാക്കുവാൻ പ്രയാസം.

ഈ സമാധാനം ഒരു വിശ്വാസിയുടെ "Guard" അത്രേ. Peace of God. മനുഷ്യർക്കു ഇതു തരാൻ സാദ്ധ്യമല്ല. Only God can give it.

**1 Pet 1: 4** *"അന്ത്യകാലത്തു വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ ദൈവ ശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും..".*

ദൈവശക്തിയാൽ കാക്കപ്പെടുന്ന - ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഒരു military term അത്രേ. Garrison. Like soldiers arranged to watch over an area. God's peace garrison our hearts and minds. നമ്മുടെ emotions ഉം thoughts ഉം ഈ ദൈവസമാധാനത്തിൽ കാക്കപ്പെടുന്നു.

Phil 4: 8- 9 <u>God's presence with Believers</u>

**Phil 4: 8- 9** *"ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ. എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളതു പ്രവർത്തിപ്പിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും".*

Phili 4: 8 <u>Thinking Worthey Thoughts</u>

**Phil 4: 8** *"ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്ക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചു കൊൾവിൻ".*

ഒരു വ്യക്തിയുടെ ജീവിതത്തിന്റെ വിജയരഹസ്യം- അഥവാ പരാജയ കാരണം ഈ വാക്കുകളിൽ ഉണ്ട്. നമ്മെ ജയത്തിലേക്കു നടത്തുന്നതും തോൽവി അടയാൻ കാരണമാകുന്നതും- നമ്മുടെ ഹൃദയത്തിലെ ചിന്തകളാണ്. നമ്മുടെ ചിന്താമണ്ഡലം ശുദ്ധീകരിക്കാൻ നമുക്കു കഴിയണം. ഹൃദയത്തിലെ ചിന്ത അനുസരുച്ചേ നമുക്കു പ്രാപിക്കാൻ കഴിയുകയുള്ളൂ.

**Prov 23: 7** *"അവൻ തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതുപോലെ ആകുന്നു; തിന്നു കുടിച്ചുകൊൾക എന്നു അവൻ നിന്നോടു പറയും; അവന്റെ ഹൃദയമോ നിനക്കു അനുകൂലമല്ല".*

**Prov 4: 23** *"സകലജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്".*

**Psal 63: 5** *"എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കുകയും ചെയ്യുമ്പോൾ......"*

**2 Cori 10: 5** *"അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി*

www.gospelinmalayalam.com

fleettech@gmail.com

www.gospelinmalayalam.com

*പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി".*

**Isa 55: 9** *"ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു".*

**John 8: 56** *"നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു".*

**Gen 15: 5** *"പിന്നെ അവൻ അവനെ പുറത്തുകൊണ്ടുചെന്നു; നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കല്പിച്ചു".*

**Mark 9: 24** *"ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു: കർത്താവേ, ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിനു സഹായിക്കേണമേ എന്നു പറഞ്ഞു".*

**Mark 6: 8** *"അവർ വഴിക്കു വടി അല്ലാതെ ഒന്നും എടുക്കരുത്; അപ്പവും പൊക്കണവും മടിശ്ശീലയിൽ കാശും അരുത്; ചെരിപ്പു ഇട്ടു കൊള്ളാം; രണ്ടു വസ്ത്രം ധരിക്കരുതു എന്നിങ്ങനെ അവരോടു കല്പിച്ചു".*

Paul Yongi Cho. Fourth Dimension. See what you are praying for.

**Eph 3: 20** *"എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും...."*

Phil 4: 8-ൽ നമ്മുടെ ഹൃദയത്തിൽ നാം നിറയ്ക്കണ്ട 6 കാര്യങ്ങൾ വി. പൗലൂസ് പ്രസ്താവിക്കുന്നു.

**(1)** What so ever things are "TRUE" സത്യമായതു ഒക്കെയും. Greek ൽ എല്ലാത്തിനോടും ചേർത്ത് ഈ വാക്ക് ഉണ്ട്. "What so ever" എന്തെല്ലാമോ അവയെല്ലാം. "സത്യത്തിനു ചേർന്നത്" എന്തെല്ലാമോ അവയെല്ലാം. TRUE - what ever is not Dishonest - ആത്മാർത്ഥമായവ.

**(2)** NOBLE - What ever is worthy of Respect - ബഹുമാനം അർഹിക്കുന്നവ "ഘനമായതു"

**Eph 4: 15** *"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും".*

**Eph 4: 25** *"ആകയാൽ ഭോഷ്ക് ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ".*

Noble - dignified, worthy of Respect.

**1 Timo 3: 8- 11** *"അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുതു.അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം; അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏല്ക്കട്ടെ. അവ്വണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തമാരുമായിരിക്കേണം".*

**Titus 2: 2** *"വൃദ്ധന്മാർ നിർമ്മദവും ഗൌരവവും സുബോധവും ഉള്ളവരും വിശ്വാസത്തിലും സ്നേഹത്തിലും സഹിഷ്ണതയിലും ആരോഗ്യമുള്ളവരും ആയിരിക്കേണം".*

**(3)** (RIGHT) - conformity to God's standards.

**(4)** നിർമ്മലമായത്- PURE - പൂർണ്ണതയുള്ളത്. Not mixed with moral impurity.

**(5)** രമ്യമായത് - Lovely - Whatever promotes peace rather than conflict.

**(6)** സല്ക്കീർത്തിയായത്- Admirable - What ever is positive and constructive rather than negative and destructive.

fleettech@gmail.com

www.gospelinmalayalam.com

ഈ- 6-കാര്യങ്ങൾ സൽഗുണമോ പുകഴ്ചയോ ഉണ്ടാക്കുന്നതായി വിവരിച്ചിരിക്കുന്നു.

Excellent, Praise worthy.

ഒരു യഥാർത്ഥ ദൈവപൈതലായി ജീവിക്കണമോ- Try to fill thoughts with praise worthy things.

നല്ലതും യോഗ്യമായതിനെയും കൊണ്ട് ചിന്താമണ്ഡലത്തെ നിറയ്ക്കുക.

Positive Thinking .Norman Vincent Pele, Paul Yongi Cho, Neel corneqie.

**Phil 4: 9 <u>DOING WORTHY DEEDS</u>**

**Phil 4: 9** *"എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളതു പ്രവർത്തിപ്പിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടു കൂടെ ഇരിക്കും".*

Christian life inovels proper thinking but also involves doing righteous deeds.

ഫിലിപ്പിയൻ വിശ്വാസികൾ വി. പൗലൂസിനെ അറിഞ്ഞവർ കേട്ടും കണ്ടും പഠിച്ചു. അവർക്ക് ഒരു example ആയി കാണാൻ വി. പൗലൂസ് ഉണ്ടായിരുന്നു.

പൗലൂസിന് ധൈര്യമായിട്ടു പറയാൻ കഴിഞ്ഞു- Follow my example എന്ന്.

Todays Christian leaders cannot say this - They will say do not follow me.

സമാധാനത്തിന്റെ ദൈവം കൂടെയിരിക്കും- yes our life and thoughts and acts shall be worthy for LORD to live with us.

**Phil 4: 10- 20 <u>God's supply of Human Needs</u>**

**Phili 4: 18** *"ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൌരഭ്യവാസനയായി ദൈവത്തിന്നു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു".*

ഫിലിപ്പ്യയിലുള്ള വിശ്വാസികൾ Epaphroditus ന്റെ കൈയിൽ പൗലൂസിന് gift കൊടുത്തയച്ചിരുന്നു. ഈ ലേഖനം അവർക്കുള്ള ഒരു Thank you note ഉം കൂടിയത്രെ.

**(1)** **<u>The Lesson of contentment</u> Phili. 4:10-13**

**Phili 4: 10** *"നിങ്ങൾ പിന്നെയും എനിക്കു വേണ്ടി വിചാരിപ്പാൻ തുടങ്ങിയതിനാൽ ഞാൻ കർത്താവിൽ വളരെ സന്തോഷിച്ചു; മുമ്പേ തന്നേ നിങ്ങൾക്കു വിചാരമുണ്ടായിരുന്നു. എങ്കിലും അവസരം കിട്ടിയില്ല".*

Philipian വിശ്വാസികൾ വി. പൗലൂസിനെപ്പറ്റി വിചാരം ഉള്ളവർ ആയിരുന്നു. മറ്റുള്ളവർ ചെയ്യട്ടെ എന്ന് അവർ നിരൂപിച്ചില്ല. മുമ്പെ തന്നെ ആവശ്യങ്ങൾക്കു സഹായിപ്പാൻ അവർ ആഗ്രഹിച്ചിരുന്നു.

**Phili 4: 11** *"ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ പറയുന്നതു; ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്".*

പൗലൂസ് ആരോടും ഒന്നും ചോദിച്ചില്ല. തന്റെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രെ ചെയ്തത്. He trusted God to meet his needs.

Paul learned the lesson of contentment.

സാഹചര്യങ്ങളുടെ മാറ്റം, സമൃദ്ധിയും, ഇല്ലായ്മയും- ഒന്നും തന്നെ Paul ന്റെ ഹൃദയത്തെ influence ചെയ്തില്ല- Always content- self sufficient.- A divinely bestowed sufficiency, irrespective of circumstance.

**Phili 4: 12** *"താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു".*

പലപ്പോഴും സാമ്പത്തിക ഞെരുക്കം ഉണ്ടായിരുന്നു- Financial Needs, Material Needs ഒക്കെ ഉണ്ടായിരുന്നു. ചിലപ്പോൾ എല്ലാം നിറച്ചുണ്ടായിരുന്നുതാനും. എന്നാൽ ഉള്ള

fleettech@gmail.com

www.gospelinmalayalam.com

അവസ്ഥയോ ഇല്ലായ്മയുടെ അവസ്ഥയോ പൗലൂസിനെ തളർത്തിയില്ല.

**Phili 4: 13** *"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു".*

Be content in either wellfed or hungry

എങ്ങനെ - ദൈവം കൊടുക്കുന്ന ശക്തിയാൽ.

"ഏതു സാഹചര്യമായാലും" എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു.

Be strong relying on God's support and Faith in Him.

"I can do all things through Christ with strengthens me."

**<u>The Blessing of Giving and Receiving</u> 4: 14- 20**

**4: 14- 16** *"എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി. ഫിലിപ്പിയരേ, സുവിശേഷഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കദോന്യയിൽനിന്നു പുറപ്പെട്ടാറെ നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവുചിലവുകാര്യത്തിൽ എന്നോടു കൂട്ടായ്മ കാണിച്ചില്ല എന്നു നിങ്ങളും അറിയുന്നു. തെസ്സലൊനീക്യയിലും എന്റെ ബുദ്ധിമുട്ടു തീർപ്പാൻ നിങ്ങൾ ഒന്നുരണ്ടുവട്ടം അയച്ചു തന്നുവല്ലോ".*

ഫിലിപ്പ്യൻസഭ പൗലൂസിന്റെ ആവശ്യങ്ങളിൽ നിരന്തരം കൂട്ടായ്മ കാണിച്ച സഭയത്രെ.

**Acts 16: 40** *"എങ്കിലും അവർ തടവു വിട്ടു ലുദിയയുടെ വീട്ടിൽ ചെന്നു സഹോദരന്മാരെ കണ്ടു ആശ്വസിപ്പിച്ചശേഷം പുറപ്പെട്ടുപോയി".*

Paul leaves Philippia

**Acts 17: 1** *"അവർ അംഫിപൊലിസിലും അപ്പൊലോന്യയിലും കൂടി കടന്നു തെസ്സലൊനീക്കയിൽ എത്തി; അവിടെ യെഹൂദന്മാരുടെ ഒരു പള്ളി ഉണ്ടായിരുന്നു".*

In Thessalonica. Philipians sent gift to Paul.

**Phili 4: 17- 20** *"ഞാൻ ദാനം ആഗ്രഹിക്കുന്നു എന്നല്ല, നിങ്ങളുടെ കണക്കിലേക്കു ഏറുന്ന ഫലം അത്രേ ആഗ്രഹിക്കുന്നതു. ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൌരഭ്യവാസനയായി ദൈവത്തിന്നു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു. എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും. നമ്മുടെ ദൈവവും പിതാവുമായവന്നു എന്നെന്നേക്കും മഹത്വം. ആമേൻ" .*

പൗലൂസ് gift ആഗ്രഹിച്ചിരുന്നില്ല. എങ്കിലും

**Phili 2: 25- 30** *"എന്നാൽ എന്റെ സഹോദരനും കൂട്ടുവേലക്കാരനും സഹഭടനും നിങ്ങളുടെ ദൂതനും എന്റെ ബുദ്ധിമുട്ടിന്നു ശുശ്രൂഷിച്ചവനുമായ എപ്പഫ്രൊദിത്തൊസിനെ നിങ്ങളുടെ അടുക്കൽ അയക്കുന്നതു ആവശ്യം എന്നു എനിക്കു തോന്നി. അവൻ നിങ്ങളെ എല്ലാവരെയും കാണ്മാൻ വാഞ്ഛിച്ചും താൻ ദീനമായി കിടന്നു എന്നു നിങ്ങൾ കേട്ടതുകൊണ്ടു വ്യസനിച്ചുമിരുന്നു. അവൻ ദീനം പിടിച്ചു മരിപ്പാറായിരുന്നു സത്യം; എങ്കിലും ദൈവം അവനോടു കരുണചെയ്തു; അവനോടു മാത്രമല്ല, എനിക്കു ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോടും കരുണ ചെയ്തു. ആകയാൽ നിങ്ങൾ അവനെ വീണ്ടും കണ്ടു സന്തോഷിപ്പാനും എനിക്കു ദുഃഖം കുറവാനും ഞാൻ അവനെ അധികം ജാഗ്രതയോടെ അയച്ചിരിക്കുന്നു. അവനെ കർത്താവിൽ പൂർണ്ണസന്തോഷത്തോടെ കൈക്കൊൾവിൻ; ഇങ്ങനെയുള്ളവരെ ബഹുമാനിപ്പിൻ . എനിക്കു വേണ്ടിയുള്ള നിങ്ങളുടെ ശുശ്രൂഷയുടെ കുറവു തീർപ്പാനല്ലോ അവൻ തന്റെ പ്രാണനെപ്പോലും കരുതാതെ ക്രിസ്തുവിന്റെ വേലനിമിത്തം മരണത്തോളം ആയ്പോയതു".*

fleettech@gmail.com

കൊടുത്തയച്ചത് Credit to come to them from God.

**Phili 4: 18** *"ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൌരഭ്യവാസനയായി ദൈവത്തിന്നു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു".*

No further Need. No Need more. The philippians gift - ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി. - Fragrant offering, an acceptable sacrifice pleasing God.

**Lev 1: 17** *"അതിനെ രണ്ടാക്കാതെ ചിറകോടുകൂടെ പിളർക്കേണം; പുരോഹിതൻ അതിനെ യാഗ പീഠത്തിൽ തീയുടെമേലുള്ള വിറകിന്മീതെ ദഹിപ്പിക്കേണം; അതു ഹോമയാഗമായി യഹോവെക്കു സൌരഭ്യവാസനയായ ദഹനയാഗം".*

**Eph 6: 7** *"ദൈവേഷ്ടം മനസ്സോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെ തന്നേ പ്രീതിയോടെ സേവിച്ചുംകൊണ്ടു അനുസരിപ്പിൻ".*

**Phili 4: 19** *"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും".*

ദൈവം പകരം നൽകും. They met Paul's need. Now God will meet their Need.

ദൈവം തന്റെ ധനത്തിനൊത്തവണ്ണം According to His riches - He has His standerd

According to His Glorious riches in Christ Jesus.

**Phili 4: 20** *"നമ്മുടെ ദൈവവും പിതാവുമായവനു എന്നന്നേക്കും മഹത്വം. ആമേൻ".*

All glory to His Name.

**<u>Conclusion</u> 4: 21- 23**

**Phili 4: 21** *"ക്രിസ്തുയേശുവിൽ ഓരോ വിശുദ്ധനെയും വന്ദനം ചെയ്!വിൻ . എന്നോടുകൂടെയുള്ള സഹോദരന്മാർ നിങ്ങളെ വന്ദനം ചെയ്യുന്നു".*

Greetings from All saints (1:1) ഈ ലേഖനം എഴുതിയ Paul & Timothy included.

**Phili 1: 1** *"ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൌലൊസും തിമൊഥെയോസും ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നതു":*

- All saints of Rome (Church in Rome) Rom 16:1-15

**Phili 4: 22** *"വിശുദ്ധന്മാർ എല്ലാവരും വിശേഷാൽ കൈസരുടെ അരമനയിലുള്ളവരും നിങ്ങളെ വന്ദനം ചെയ്യുന്നു"*

കൈസരുടെ അരമനയിലുള്ളവർ - who belong to Ceasar's palace. വി. പൗലൂസിന്റെ സാന്നിധ്യം കൈസരുടെ അരമനയിലും വിശ്വാസികളെ ഉയർത്തി.

They also came to the Lord through St. Paul.

Soldiers, relatives of Ceasar's householdd

പൗലൂസിനു പറയാം -എനിക്കു ഭവിച്ചത് സുവിശേഷത്തിന്റെ വ്യാപാരത്തിനു സഹായകമായി- Phili 1: 12

**Phili 1: 12** *"സഹോദരന്മാരേ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു".*

**Phili 4: 23** *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവിനോടുകൂടെ ഇരിക്കുമാറാകട്ടെ".*

All to Jesus and His glory

www.gospelinmalayalam.com

fleettech@gmail.com